# കേരളസർവകലാശാല

നം.പി.ആർ.71/2023

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ ബി.എ,ബി.എസ്.സി, ബി. കോം ( ന്യൂജനറേഷൻ ഡബിൾ മെയിൽ ഡിഗ്രി പ്രോഗ്രാമുകൾ ) ഏപ്രിൽ 2023 (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല സ്റ്റുഡൻസ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് (SLCM) സോഫ്റ്റ്വെയർ ഉപയോഗിച്ച് നടത്തിയ എം.സി.എ. ഫസ്റ്റ് സെമസ്റ്റർ (2021 അഡ്മിഷൻ) പരീക്ഷയുടെ ഉത്തരകടലാസുകൾ ഓൺ സ്ക്രീൻ മൂല്യനിർണയം നടത്തി ഫലം പ്രഖ്യാപിച്ചു എം.സി.എ. യുടെ എല്ലാ മൂല്യനിർണയവും ഇനി ഓൺ സ്ക്രീൻ വഴിയായിരിക്കും. ഘട്ടംഘട്ടമായി എല്ലാ പരീക്ഷയുടെയും മൂല്യനിർണയം ഓൺ സ്ക്രീൻ ആകുമെന്ന് ബഡ്ജെറ്റിൽ സിൻഡിക്കേറ്റ് അംഗം അഡ്വ.കെ.എച്ച്.ബാബുജാൻ പ്രഖ്യാപിച്ചു.

കേരളസർവകലാശാല 2022 ഒക്ടോബർ /നവംബർ മാസം നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബി.കോം (വിദൂരവിദ്യാഭ്യാസം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മ പരിശോധനയക്കും പുനർമൂല്യ നിർണ്ണയത്തിനും ഓൺലൈനായി ഏപ്രിൽ 14 വരെ അപേക്ഷിക്കാം.

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ എം.സി.എ ഡിഗ്രി (റെഗുലർ & സപ്ലിമെന്ററി) സെപ്റ്റംബർ 2022 (2020 സ്കീം) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രോജക്റ്റ്/ വൈവ

കേരളസർവകലാശാല 2023 ഏപ്രിൽ മാസം നടത്തിവരുന്ന ആറാം സെമസ്റ്റർ ബി.എ സി.ബി.സി.എസ് പരീക്ഷകളുടെ ഭാഗമായുള്ള പ്രോജക്റ്റ് കോളേജുകളിൽ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 9. വൈവാ പരീക്ഷകളുടെ തീയതി മെയ് 15, 16, 17 തീയതികളിൽ നടത്തും. വൈവ പരീക്ഷയുടെ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കും.

കേരളസർവകലാശാല ഏപ്രിൽ 10ന് നടക്കുന്ന അഞ്ചാം സെമസ്റ്റർ എം.ബി.എൽ ഡിഗ്രി പരീക്ഷ പേപ്പർ 3 ഇന്റർനാഷണൽ എക്കണോമിക്സ് ലോയുടെ സമയക്രമം 1.30 മുതൽ 4. 30 വരെ പുനർ ക്രമീകരിച്ചിരിക്കുന്നു.

### പ്രായോഗിക പരീക്ഷ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ (2020 സ്കീം )നാലാം സെമസ്റ്റർ ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ചിന്റെ റെഗുലർ ഫെബ്രുവരി 2023 പ്രായോഗിക പരീക്ഷകൾ 11.04.2023 മുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരം വെബ് സൈറ്റിൽ.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏപ്രിൽ 25 വരെ അപേക്ഷിക്കാം.
യോഗ്യത പ്ലസ് ടു . പി . ഡിഗ്രി ജയിച്ചിരിക്കണം
കോഴ്സ് കാലാവധി : ആറു മാസം
ക്ലാസുകൾ സർവകലാശാല പ്രവർത്തി ദിവസങ്ങളിൽ
കോഴ്സ് ഫീസ് : **Rs.** 9000/ഉയർന്ന പ്രായ പരിധി ഇല്ല.

**SBI A/c No.** 57002299878 ൽ **Rs.** 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളും പകർപ്പും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം **P.M.G. JN., Students Centre Campus** ലെ **CACEE** ഓഫീസിൽ എത്തേണ്ടതാണ്.വിശദ വിവരങ്ങൾക്ക് : 0471–2302523 അവസാന തീയതി 25.04.2023

## സ്റ്റഡി മെറ്റീരിയൽസ്

കേരളസർവകലാശാല വിദൂരവിദ്യാഭാസവിഭാഗം 2021 അഡ്മിഷൻ മുന്നാം സെമസ്റ്റർ യു.ജി. പ്രോഗ്രാമു കളുടെ സ്റ്റഡി മെറ്റീരിയൽസ് ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാസവിഭാഗം ഓഫീസിൽ നിന്ന് നേരിട്ട് കൈപ്പറ്റാവുന്നതാണ്. നേരിട്ട് കൈപ്പറ്റാൻ കഴിയാത്തവർക്ക് 13 ന് ശേഷം തപാലിൽ അയക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് **www.ideku.net** സന്ദർശിക്കുക.

തിരുവനന്തപുരം,
04.04.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**